## തിരുവനന്തപുരം നഗരത്തിൽ വനങ്ങളോ? അതെ, മിയാവാക്കി കാട്ടുകളാണത്; അതിന്റെ പിന്നിലെ കഥകൾ



ആർഷ കബനി

5 Jun 2019 9:43 AM

WhatsApp Facebook Twitter ഇമെയിൽ‍ കൂടുതൽ‍ 5

"ഇവിടെയാകെ ചീവീടുകളുടെ ശബ്ദം മുഴങ്ങി കേൾക്കുന്ന ഒരു കാലം വരും, അങ്ങനെയൊരു സ്വപ്നത്തിനുവേണ്ടിയാണ് ഞങ്ങൾ ജീവിക്കുന്നത്", കൃഷ്ണകിരീടത്തിന്റെ ഒരു തൈകൂടി തങ്ങളുടെ മിയാവാക്കി കാടിനുള്ളിൽ നടാൻ ശ്രമിക്കുന്നതിനിടെ എംആർ ഹരി പറഞ്ഞു.

രാത്രിയിൽ മഴ പെയ്തതിന്റെ തണുപ്പ് അന്തരീക്ഷത്തിലാകെ തങ്ങി നിന്നിരുന്നു. വളർച്ചയുടെ ആരംഭ ഘട്ടത്തിലാണെങ്കിലും വ്യത്യസ്ത തരം മരങ്ങൾ പരസ്പരം ശാഖി പിണഞ്ഞു നിൽക്കുന്നു. തിങ്ങി നിൽക്കുന്ന മരങ്ങൾക്ക് ചുവട്ടിലാകെ ഇലകൾ പൊഴിഞ്ഞുകിടക്കുന്നു. ചെറിയ പ്രാണികളും, അട്ടകളും, പുഴുക്കളും, പൂമ്പാറ്റകളും ഈ കാട്ടിൽ വാസം തുടങ്ങിയിട്ടുണ്ട്. സ്വാഭാവികമായി രൂപപ്പെട്ട വനമല്ലിത്. ഇൻവിസ് മൾട്ടിമീഡിയയുടെ മനേജിങ് ഡയറക്ടറായ എംആർ ഹരിക്ക സുഹൃത്തായ ചെറിയാൻ മാത്യുവിനുമൊപ്പം പ്രകൃതി സ്നേഹികളായ ഒരുകൂട്ടം സുഹൃത്തുക്കളും ഒരുമിച്ചു ചേർന്നാണ് തിരുവനന്തപുരം നഗരത്തിന്റെ പലയിടങ്ങളിലായി ഇത്തരം കാടുകൾ ഒരുക്കിയിരിക്കുന്നത്.

പുളിയറക്കോണത്ത് ഒന്നേമുക്കാൽ ഏക്കറിൽ മിയാവാക്കി രീതിയിലുള്ളതും അല്ലാത്തതുമായ കാടുകളാണ് പ്രകൃതി സ്നേഹികളായ ഈ സുഹൃത്തുക്കൾ ഒരുക്കിയിരിക്കുന്നത്. ഇടമലയാറിന്റെ കൈവഴിയായ മലയംമൂട് പുഴയുടെ തീരത്തോടു ചേർന്നുള്ള ഒരു മലയിടുക്കാണ് ഇവർ വനം നിർമ്മിക്കാൻവേണ്ടി തിരഞ്ഞെടുത്തതിലൊന്ന്. ഈ സ്ഥലത്ത് സ്വഭാവികമായി വനം രൂപപ്പെടാൻവേ നിശ്ചിത സ്ഥലം ഇവർ ഒഴിച്ചിട്ടിരിക്കുന്നു. സ്വഭാവിക വനം വളരാൻ പത്തുവർ കാലയളവിലേക്ക് സ്ഥലം മറ്റൊന്നും ചെയ്യാതെ ഒഴിച്ചിട്ടാൽ മതിയെന്ന് വനം ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടതിൽ എത്രത്തോളം വസ്തുതയുണ്ടെന്ന്

തിരിച്ചറിയാനാണ് ഹരി ഇത്തരമൊന്ന് ചെയ്തിരിക്കുന്നത്. എന്നാൽ വെള്ളം മണ്ണിൽ നിലനിൽക്കാതെ വാർന്നുപോവുന്ന ഭൂപ്രകൃതിയായതിനാൽ ഇവിടെ സ്വഭാവിക വനം വളർത്തുക എന്നത് പ്രയാസമുള്ളൊരു കാര്യമാണ്.

മിയാവാക്കി രീതിയിൽ പലതരം മരങ്ങൾ ഒരുമിച്ചു നട്ടിട്ടുള്ള കാട് പ്രത്യേക സംരക്ഷണം നൽകിയാണ് ഇവർ വളർത്തുന്നത്. ഫലവൃക്ഷങ്ങൾ മാത്രമുള്ളതും, പൂമരങ്ങൾ മാത്രമുള്ളതും, പലതരത്തിലുള്ള മരങ്ങൾ ഒരുമിച്ചുനട്ടതുമായ കാടുക ഇവിടെയുണ്ട്. കല്ലുകൾ നിറഞ്ഞിരിക്കുന്ന സ്ഥലമായതിനാൽ ഘട്ടം ഘട്ടമായിട്ടാ ഇവർ കാട് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. ഒരു നിശ്ചിത വളർച്ചയെത്തുന്നതുവരെ ചകിരിക്കൊട്ടകളിൽ മരതൈകൾ സൂക്ഷിച്ചിരിക്കുന്നു. എല്ലാ ദിവസവും തൈകൾ നനയ്ക്കുവാനുള്ള സജീകരണങ്ങളും ഒരുക്കിയിരിക്കുന്നു. മിയാവാക്കി മാതൃകയിൽ നിർമ്മിച്ചിട്ടുള്ള കാട് കുറഞ്ഞ കാലയളവിൽ കൂടുതൽ വളരുന്നുവെന്നാണ് ഹരി പറയുന്നത്. പതിനാറ് മാസങ്ങൾക്കുള്ളിൽ ചില ചെടിക പതിനാറടിയോളം വളർന്നിട്ടുണ്ടെന്നതും അതിശയം ജനിപ്പിക്കുന്ന ഒന്നാണ്. ഇതിനു മുൻപ് കാട് വളർത്തുവാൻവേണ്ടി പലതരം മാതൃകകൾ പരീക്ഷിച്ചുവെന്ന എന്നാൽ കാര്യമായി വെള്ളം ലഭ്യമല്ലാത്തതിനാൽ അവയൊന്നും വേണ്ടവിധത്തി വിജയിച്ചില്ലെന്നും ഹരി പറയുന്നു.

ഞൊട്ടാഞൊടിയൻ, പൂവാംകുരുന്നൽ, മുക്കൂറ്റി, കൊടകൻ തുടങ്ങിയ ഔഷധ സസ്യങ്ങളും ഇവർ ഒരുക്കിയ മിയാവാക്കി കാടിന്റെ ഭാഗമാണ്. കഴിഞ്ഞ വർഷമുണ്ടായ പ്രത്യേകതരം കൂണുകൾ അതേ ദിവസങ്ങളിൽതന്നെ ഈ വർഷവും തങ്ങളുടെ കാടുകളിൽ ഉണ്ടായെന്ന് ഹരി പറയുന്നു. സ്വാഭാവികമായ വനമായി ഈ ഇടം മാറുന്നു എന്നതിന്റെ അടയാളമാണെന്നാണ് കരുതുന്നതെന്നും ഹരി പറയുന്നു.

അരസെന്റിലും ഒരു സെന്റിലുമൊക്കെ ഉയരമേറിയ വൃക്ഷങ്ങളാൽ നിബിഡമായ കാട് നിർമ്മിക്കാൻ കഴിയുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. കേരളത്തിലെ കാവുകളുടെ ജാപ്പനീസ് പതിപ്പെന്നു വിശേഷിപ്പിക്കാവുന്ന മിയാവാക്കി വനങ്ങൾ നഗരങ്ങൾ ഹരിതവത്കരിക്കുന്നതിനും അതുവഴി താപനില കുറയ്ക്കുന്നതിനും സഹായകമാണ്. അരസെന്റിലും ഒരു സെന്റിലുമൊക്കെ ഉയരമേറിയ വൃക്ഷങ്ങളാൽ നിബിഡമായ കാട് നിർമ്മിക്കാൻ കഴിയുന്നു എന്നതാണ് ഇതിന്റെ സവിശേഷത. പ്രകൃതി അനുകൂലമാണെങ്കിൽ സാധാരണ മഴക്കാടുകൾ രൂപപെടുവാൻ 500 വർഷമെങ്കിലും എടുക്കും. മിയവാക്കി കാടുകൾ വളർത്തിയെടുക്കുവാൻ 20 വർഷം മതിയെന്നാണ് പറയപ്പെടുന്നത്. ജപ്പാൻകാരനായ അകിനോ മിയാവാക്കിയാണ് ഇത്തരം രീതിയിൽ ആദ്യമായി മരം വളർത്താൻ തുടങ്ങിയത്. തന്റെ രീതിയിലൂടെ 200-ലധികം ഇനത്തിലുള്ള മരങ്ങൾ നട്ട്, ജപ്പാനിലെ 1400 ഇടങ്ങളിൽ മിയവാക്കി പുതിയ വനങ്ങൾ ഉണ്ടാക്കിയെടുത്തു. ഇറ്റലി, ഫ്രാൻസ് എന്നീ രാജ്യങ്ങളൾ, ഇന്ത്യയിലെ വടക്കു കിഴക്കൻ പ്രദേശങ്ങളിലും ബംഗ്ലൂരിലും മിയാവാക്കിയുടെ രീതി അവലംബിച്ച് വനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അശോകം, വേപ്പ്, പുന്ന, കടുക്ക, വാഗ, ശീലാന്തി, മരോട്ടി തുടങ്ങിയ മരങ്ങളുപയോഗിച്ച് ഒരു ച.മീറ്ററിൽ 50 മുതൽ 1000 വരെ ചെടികൾ നാട്ടുകൊണ്ട് മിയാവാക്കി വനങ്ങൾ ഉണ്ടാക്കിയെടുക്കാം. പ്രതിവർഷം ഒരു മീറ്റർ ശരാശരി ഉയരത്തിൽ വളരുന്ന ചെടികൾ 20 വർഷങ്ങൾ കൊണ്ട് 20 മീറ്റർ വരെ ഉയരത്തിൽ എത്തും.

പ്രാദേശിക ആവാസ വ്യവസ്ഥയിൽ വളരുന്ന വലുതും ചെറുതുമായ മരങ്ങളുടെ വൈവിധ്യമേറിയ ശേഖരങ്ങൾ കൊണ്ടാണ് മിയവാക്കി കാടൊരുക്കുന്നത്. തനിയെ രൂപപ്പെടുന്ന കാടുകളെക്കാൾ വളരെ ഉയർന്ന വളർച്ചാനിരക്കാണ് മിയവാക്കി വനങ്ങളുടെ സവിശേഷത. ശരാശരി 10-15 വർഷംകൊണ്ട് 150 വർഷം പ്രായമുള്ള സ്വാഭാവിക വനങ്ങൾക്കു തുല്യമായ ഒരു കാട് രൂപപ്പെടുത്താൻ ഇതുവഴി സാധിക്കും. ചെടി നടുന്നതിലെ പ്രത്യേകതകളാണ് ഇതിന് കാരണം.

ഒരു ചതുരശ്രമീറ്ററിൽ 3-4 ചെടികളാണ് വേണ്ടത്. വള്ളിച്ചെടികൾ, കുറ്റിച്ചെടികൾ, ചെറുമരങ്ങൾ, വൻമരങ്ങൾ എന്നിവ ഇടകലർത്തി നടുന്നതുവഴി വനത്തിനുള്ളിൽ പല തട്ടിലുള്ള ഇലച്ചാർത്ത് ഉറപ്പാക്കുന്നു. അടുപ്പിച്ച് നടുന്നതിനാൽ സൂര്യപ്രകാശത്തിനു വേണ്ടിയുള്ള മത്സരത്തിൽ ചെടികൾ ഉയരത്തിൽ വളരുന്നു.



ഓരോ സ്ഥലത്തും സ്വാഭാവികമായി വളർന്നിരുന്ന ചെടികളെ കണ്ടെത്തിയാണ് മിയാവാക്കി വനത്തിന്റെ രൂപകൽപ്പന ചെയ്യുക. വളർത്താൻ ഉദ്ദേശിക്കുന്ന ചെടികൾ ചട്ടികളിലാക്കി പ്രത്യേക നടീൽ മിശ്രിതം നിറയ്ക്കുന്നു. നിശ്ചിത വളർച്ചയെത്തിയ ചെടികൾ നടുന്ന സ്ഥലത്ത് ഒരു മാസത്തോളം സൂക്ഷിക്കും. അവിടത്തെ കാലാവസ്ഥയോട് പൊരുത്തപ്പെടുന്നതിനാണിത്. തുടർന്ന് കുഴിയെടുത്ത് അതിനുള്ളിൽ നടീൽ മിശ്രിതം നിറച്ചശേഷമാണ് തൈകൾ നടുന്നത്. ചാണകപ്പൊടി, ചകിരിനാര്, ഉമി എന്നിവ തുല്യ അളവിൽ കൂട്ടിച്ചേർത്താണ് നടീൽമിശ്രിതമുണ്ടാക്കുന്നത്. ഒരു ചതുരശ്ര മീറ്റർ സ്ഥലത്ത് വനം വച്ചുപിടിപ്പിക്കാൻ 3500 രൂപയാണ് ചെലവ്.

ഹരിയും സുഹൃത്തുക്കളും പങ്കാളികളായിക്കൊണ്ട് പരിസ്ഥിതി സംഘടനയായ നേച്ചർ ഗ്രീൻ ഗാർഡിയൻ ഫൗണ്ടേഷനും ചേർന്ന് കനകക്കുന്ന് കൊട്ടാര പരിസരത്ത് മിയാവാക്കി വനം നിർമ്മിച്ചിട്ടുണ്ട്. വികെ ദാമോദരന്റെ നേതൃത്വത്തിലാണ് നേച്ചർ ഗ്രീൻ ഗാർഡിയൻ ഫൗണ്ടേഷൻ പ്രവർത്തിക്കുന്നത്.

സംസ്ഥാന സർക്കാരിന്റെ അനുമതിയോടുകൂടി ടൂറിസ്റ്റ് വകുപ്പുകൂടി പങ്കാളിയായികൊണ്ടാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്. പൂവരശ്, പുന്ന, അത്തി, കോവളം, മറോട്ടി, വേപ്പ് തുടങ്ങിയവയാണ് ഇവിടെ അഞ്ച് സെന്റ് സ്ഥലത്തായി നട്ടിട്ടുള്ളത്. സംസ്ഥാനത്തെ മറ്റ് നഗരപ്രദേശങ്ങളിലും ഇതിന്റെ പിൻതുടർച്ചയായി മിയവാക്കി വനങ്ങൾ നിർമ്മിക്കുമെന്ന് അധികൃതർ പറയുന്നു. കാലവസ്ഥാ മാറ്റങ്ങളെ നേരിടുവാനും, അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിന്റെ തോത് കുറക്കുവാനും ഇത്തരത്തിലുള്ള മിയാവാക്കി കാടുകൾക്ക് കഴിയുമെന്ന് വിദഗ്ധർ പറയുന്നു.

ഹരിയും സുഹൃത്തുക്കളും കവടിയാറിൽ വനം വളർത്താനായി സഹപ്രവർത്തക വിട്ടുനൽകിയ സ്ഥലത്തും മിയവാക്കി കാടുകൾ നിർമ്മിച്ചിട്ടുണ്ട്. ജല ലഭ്യതയുള്ളതിനാൽ ഇവിടുത്തെ മരങ്ങൾ കൂടുതൽ വേഗത്തിൽ വളരുന്നു. തങ്ങളൊരുക്കിയ വനത്തിൽ പൂമ്പാറ്റകൾക്കും പുഴുക്കൾക്കും വണ്ടുകൾക്കും പുറമെ ചീവീടുകളും പക്ഷികളും എത്തണമെന്നാണ് ഹരിയുടേയും സുഹൃത്തുക്കളുടേയും ആഗ്രഹം. പുളിയറക്കോണത്ത് ഇവരുടെ മിയാവാക്കി കാട് നിർമ്മിച്ചതിന് തൊട്ടുമുൻപിലുള്ള കുന്ന് ക്വാറി മാഫിയകൾ ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ് എന്നറിയുമ്പോഴേ ഇവർ ചെയ്യുന്ന പ്രവർത്തിയുടെ മൂല്യം മനസിലാകൂ.

**Read More: സ്വന്തമായൊരു കാട്, പത്ത് ലക്ഷത്തോളം മരങ്ങൾ: ബാലേട്ടന് എന്നും പരിസ്ഥിതി ദിനമാണ്**

മനുഷ്യർ കാട്ടിൽ താമസിക്കാൻ പലപ്പോഴും ആഗ്രഹിക്കുന്നുവെന്നും എന്നാൽ ഇത്തരത്തിലുള്ള ആഗ്രഹം കാടിനെ നശിപ്പിക്കുന്നതിലേക്കാണ് നീങ്ങുന്നതെന്നും ഹരി പറയുന്നു. മനുഷ്യർ തെളിച്ച് നഗരമാക്കിയ കാടിനെ വീണ്ടും പച്ചപ്പണിയിക്കുവാനുള്ള ആഗ്രഹമാണ് അർബൻ മൈക്രോ ഫോറസ്റ്റ് എന്നതിലൂടെ ഉദ്ദേശിക്കുന്നത്. കാട്ടിൽ പോകാൻ ആഗ്രഹിക്കുന്ന മനുഷ്യർക്ക് തങ്ങൾക്കുള്ള ചുരുങ്ങിയ സ്ഥലത്ത് കാട് നിർമ്മിക്കാൻ കഴിയുമെന്നുള്ള ആത്മവിശ്വാസം ഉണ്ടാക്കി നൽകുവാനുമാണ് തങ്ങൾ ശ്രമിക്കുന്നതെന്നും ഹരി പറയുന്നു. വളരെ ലളിതമായ രീതിയിലുള്ള ചെറിയ വീടുകളും ഇവർ പുളിയറക്കോണത്തെ തങ്ങളുടെ മിയവാക്കി കാടിനോടു ചേർന്ന് നിർമ്മിക്കുന്നുണ്ട്. പ്രകൃതി സ്നേഹികളായ മനുഷ്യർക്ക് വന്നുനിൽക്കാൻ പ്രകൃതിയെ, കാടിനെ അറിയാനുള്ള അവസരം ഒരുക്കുക എന്നതൊക്കെയാണ് ഇവർ ഇതിലൂടെ ലക്ഷ്യം വെക്കുന്നത്.

മിയവാക്കി കാടിനോട് ചേർന്ന് ഫ്രാഷൻ ഫ്രൂട്ട് തൈകൾ വീപ്പകളിലാക്കി നട്ടിട്ടുണ്ട്. ഇവ പടർന്ന് കായ്കൾ പഴുത്ത് നിറഞ്ഞു കിടക്കുന്നു. വീപ്പകളിൽ നട്ടാൽ കുറച്ച് ജലമുപയോഗിച്ച് ഇവയ്ക്ക് വളരാൻ കഴിയുമെന്ന് ഹരിയുടെ സുഹൃത്ത് ചെറിയാൻ മാത്യു പറയുന്നു. കുന്നിൻ പ്രദേശമായതിനാൽ ഇവിടെ പെയ്യുന്ന മഴവെള്ളം കുത്തിയൊഴുകി പുഴയിലെത്തുകയാണ് ചെയ്യുന്നത്. അതിനാൽ കൂടുതൽ ജല നഷ്ടം ഈ മണ്ണിൽ ഉണ്ടാവുന്നുവെന്നും ചെറിയാൻ മാത്യു പറയുന്നു. ഇത്തരത്തിലുണ്ടാവുന്ന ജല നഷ്ടത്തെ ഒരു പരിധിവരെ തടയാനുള്ള സജ്ജീകരണങ്ങളും ഇവർ ഒരുക്കിയിട്ടുണ്ട്. വെള്ളം കുത്തിയൊഴുകി വരുന്ന ഇടങ്ങളിൽ നിശ്ചിത അകലത്തിൽ തടയണ നിർമ്മിച്ചിരിക്കുന്നു. ഇത്തരത്തിൽ ഒഴുകിവരുന്ന വെള്ളം പ്രത്യേക രീതിയിൽ നിർമ്മിച്ച ടാങ്കുകളിൽ സംഭരിക്കരിക്കുന്നു. ടാങ്കുകളിലൂടെ അരിച്ചിറങ്ങുന്ന ജലം മണ്ണിൽ നിലനിൽക്കാനുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

ഈ സുഹൃത്തുക്കൾ എല്ലായ്പ്പോഴും സംസാരിക്കുന്നത് മണ്ണിനെ കുറിച്ചും, പച്ചപ്പിനെ കുറിച്ചുമാണ്. വളരെ കുറച്ച് സ്ഥലമുള്ളവർക്കുപോലും തങ്ങളുടെ വീടിനോട് ചേർന്ന് ഇത്തരത്തിൽ വനങ്ങൾ നിർമ്മിക്കാൻ കഴിയുമെന്നും, അതിലൂടെ പരിസ്ഥിതിയെ തിരിച്ച് പിടിക്കാൻ സാധിക്കുമെന്നുമാണ് ഇവർ പ്രതീക്ഷിക്കുന്നത്. പച്ചപ്പിനുവേണ്ടിയുള്ള പോരാട്ടത്തിന് പിന്തുടർച്ചകൾ ഉണ്ടാവുമെന്നും അതിലൂടെ പ്രകൃതിയോടിണങ്ങിയ ജീവിതം മലയാളികൾക്ക് കൈവരിക്കാൻ കഴിയുമെന്നും ഇവർ പ്രതീക്ഷിക്കുന്നു.